**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യിലെ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 2024 സെപ്റ്റംബർ മുതൽ 2025 ഡിസംബർ 31 വരെ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവ ലോകനം അനുസരിച്ചാണ്. 2024 മാർച്ച് 31 ലെ അവലോകന പ്രകാരമുള്ള 228 പുതിയ ഒഴിവുകൾ ഇതിനകം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 2024 സെപ്റ്റംബർ 30 ആധാരമാക്കിയുള്ള ബിസിനസ് അവലോകനം നടത്തുന്നതിനായുള്ള നടപടികൾ തുടർന്ന് വരികയാണ്; |
| (ബി) | കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇതിന്റെ ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.എഫ്.ഇ. യിലെ ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി വഴിയാണ് നടത്തുന്നത്. ഈ തസ്തികകളിലേക്കുള്ള ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്. ഒഴിവുകൾ കണക്കാക്കിയ ശേഷം ഉടൻ തന്നെ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. ഇതിന്റെ ചുമതല വഹിക്കുന്നത് കെ.എസ്.എഫ്.ഇ മാനേജിങ് ഡയറക്ടർ ആണ്; |
| (സി) | ഓരോ മാസവും കെ.എസ്.എഫ്.ഇ.യിൽ റിട്ടയർമെന്റ്, വിടുതൽ, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന ഒഴിവുകൾ അതത് മാസംതന്നെ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (സി) | ഇല്ല; കെ.എസ്.എഫ്.ഇ യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് മാർച്ച് 31, സെപ്റ്റംബർ 30 പ്രകാരമുള്ള ബിസിനസ് അവലോകനം അനുസരിച്ചാണ്. |

സെക്ഷൻ ഓഫീസർ